


ദൈവത്തിന്റെ ചുരുളുകൾ
DIVINE SCROLLS

A CHRISTIAN MAGAZINE FOR THE CHOSEN GENERATION

"ദൈവത്തിന്റെ വഴികൾ"
(തിരുവചന ചിന്തകൾ)

JUNE
2025

CONTENTS

- **തിരുവചന ചിന്തകൾ :**
  "ദൈവത്തിന്റെ വഴികൾ " Page - 03

- **ജീവിതങ്ങളിലൂടെ വാക്കുകളിലൂടെ** Page - 14

ദൈവത്തിന്റെ വഴികൾ

(തിരുവചന ചിന്തകൾ)

ദൈവസ്നേഹത്താൽ തിരഞ്ഞെടുക്കപ്പെടുകയും ദൈവാത്മാവിനാൽ നയിക്കപ്പെടുകയും ചെയ്യുന്ന പ്രിയരേ, വിശുദ്ധ ബൈബിളിലെ, സങ്കീർത്തനം 25 ൽ നിന്നുമാണ് ഇന്നു നാം ചിന്തിക്കുവാൻ ആഗ്രഹിക്കുന്നത്.

സങ്കീർത്തനങ്ങൾ 25

4. യഹോവേ, നിന്റെ വഴികളെ എന്നെ അറിയിക്കേണമേ; നിന്റെ പാതകളെ എനിക്കു ഉപദേശിച്ചു തരേണമേ!
5. നിന്റെ സത്യത്തിൽ എന്നെ നടത്തി എന്നെ പഠിപ്പിക്കേണമേ; നീ എന്റെ രക്ഷയുടെ ദൈവമാകുന്നുവല്ലോ; ദിവസം മുഴുവനും ഞാൻ നിങ്കൽ പ്രത്യാശവെക്കുന്നു.

ദാവീദിന്റെ ഒരു പ്രാർത്ഥനയാണ് ഈ സങ്കീർത്തനത്തിൽ നാം കാണുന്നത്. ഇതിലെ 4 & 5 വാക്യങ്ങൾ എപ്രകാരം നമ്മെ ആത്മീയ ജീവിതത്തിൽ സഹായിക്കുന്നു എന്നതാണ് നാം കാണുവാൻ പോവുന്നത്.

നമുക്കറിയാവുന്നതുപോലെ ഏതെങ്കിലുമൊരു പ്രേത്യേക കാലഘട്ടത്തിലേക്ക് മാത്രമായോ ഏതെങ്കിലുമൊരു പ്രേത്യേക ജനത്തിനു മാത്രമായോ നല്കപ്പെട്ടതല്ല ദൈവത്തിന്റെ വചനം. അവ ദൈവത്തിന്റെ ശബ്ദവും ദൈവത്തിന്റെ പൂർണ്ണയിഷ്ഠവും ആകുകയാൽ അവ എല്ലായ്പ്പോഴും നമ്മിൽ ജീവൻ നല്കിക്കൊണ്ടേയിരിക്കുന്നു.

എല്ലാ കാലഘട്ടത്തിലും എല്ലാ മനുഷ്യർക്കും പാപത്തിൽനിന്നുള്ള പൂർണ്ണ മോചനവും ക്രിസ്തുവിലൂടെ മാത്രം ലഭ്യമാകുന്ന രക്ഷയും നിത്യജീവനും ദൈവവചനം നൽകുന്നു. യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവരിൽ മാത്രമാണ് ദൈവവചനം ജീവനായി പരിണമിക്കുന്നത്. ദൈവം നമ്മെ ഒരുനാളും നിർബന്ധത്താൽ ക്രിസ്തുവിലേക്കു കൊണ്ടുവരുന്നില്ല. എന്നാൽ അതേസമയം, ദൈവം നമ്മുടെ പിതാവെന്നും ആ പിതാവി-

ങ്കലേക്കു പുത്രനാം യേശുവിലൂടെ (അഥവാ പുത്രനായ യേശുവിന്റെ അനുസരണത്തിലൂടെ) നമുക്കു ലഭിച്ച പുതുവഴിയാൽ (പിതാവിങ്കലേക്കും നിത്യജീവനിലേക്കുമുള്ള പുതുവഴി) , ദിനംതോറും ഹൃദയംപുതുക്കിക്കൊണ്ടു നിർമ്മലരായി , നമ്മെ സ്വന്തരക്തത്താൽ വീണ്ടെടുത്ത യേശുവിനോടു ഏകിഭവിച്ചുകൊണ്ടു ദൈവം നമ്മിൽ പകർന്ന ദൈവാത്മാവിന്റെ ശക്തിയാലും ചൈതന്യത്താലും വിശുദ്ധിയാലും സ്നേഹത്താലും പൂർണ്ണസമാധാനത്തോടെ ക്രിസ്തുവിൽ വസിക്കുവാനും ദൈവം ആഗ്രഹിക്കുന്നു. ഈ സ്വർഗ്ഗീയ സ്നേഹത്തിലേക്കാണ് ദൈവവചനം നമ്മെ വിളിക്കുന്നത്.

സങ്കീർത്തനങ്ങൾ *25*

4. യഹോവേ, നിന്റെ വഴികളെ എന്നെ അറിയിക്കേണമേ; നിന്റെ പാതകളെ എനിക്കു ഉപദേശിച്ചു തരേണമേ!
5. നിന്റെ സത്യത്തിൽ എന്നെ നടത്തി എന്നെ പഠിപ്പിക്കേണമേ; നീ എന്റെ രക്ഷയുടെ ദൈവമാകുന്നുവല്ലോ; ദിവസം മുഴുവനും ഞാൻ നിങ്കൽ പ്രത്യാശവെക്കുന്നു.

പ്രാർത്ഥന ഒരു വാഹിനിയാണ്. അവിടെ, നാം ഓർക്കുന്ന വ്യക്തികളും സകല അവസ്ഥകളും എല്ലാ നിലവിളികളും ദൈവസന്നിധിയിലേക്കു പ്രാർത്ഥനയാൽ വഹിക്കപ്പെടുന്നു.
പലപ്പോഴും നാം ആരാണെന്നും ദൈവം നമുക്കു ആരാണെന്നതും വ്യക്തമാവുന്നത് നമ്മുടെ നാവിലൂടെ പുറത്തുവരുന്ന പ്രാർത്ഥനകളിലൂടെയാണ്.

ദൈവത്തെ സ്നേഹിച്ച ദാവീദ്, തന്റെ ആശകളെക്കാളും ചിന്തകളെക്കാളും പദവിയെക്കാളും ഭാവിയെക്കാളും ഭൗമികമായ സകല സമ്പന്നതകളെക്കാളുമപ്പുറമായി ദൈവത്തെ സ്നേഹിച്ചും വാഞ്ഛിച്ചുംകൊണ്ട് പ്രാർത്ഥിച്ച ഈ പ്രാർത്ഥന നോക്കുക.

തന്നെത്തന്നെ മറന്നുകൊണ്ട് ദാവീദു നടത്തുന്ന ഈ പ്രാർത്ഥന സത്യത്തിൽ ദൈവത്തിൽമാത്രം ആശ്രയിച്ചുകൊണ്ടാണ് താൻ ചെയ്യുന്നത്.

മറ്റു ഇതര വിഷയങ്ങളിലേക്ക് പ്രാർത്ഥന വഴിത്തിരിക്കപ്പെടുംമുമ്പുതന്നെ ഒരു പ്രാരംഭ നിലവിളിയായി ഈ പ്രാർത്ഥന മാറുന്നതായി നമുക്ക് കാണുവാൻ കഴിയും.

ഒരു സാധാരണ (ശരാശരി) ക്രിസ്തുവിശ്വാസിയുടെ പ്രാർത്ഥന എടുത്തുനോക്കുക. താൻ പ്രാർത്ഥിക്കുന്നതത്രെയും ആവശ്യഭാരങ്ങളെക്കുറിച്ചും കഠിന ശോധനയുടെ നടുവിൽ ലഭിക്കേണ്ടുന്ന വിടുതലുകളെക്കുറിച്ചും അനുഗ്രഹങ്ങൾക്കായും സ്വന്തകുടുംബത്തിനും കുഞ്ഞുങ്ങൾക്കും അവരുടെ നാനാവിധമായ ആവശ്യങ്ങൾക്കും നന്മകൾക്കുവേണ്ടിയുമൊക്കെ ആയിരിക്കും. ഇതൊന്നും ഒരുനാളും ഒരു തെറ്റോ പാപമോ ഒന്നുമല്ല. എന്നിരുന്നാലും, പ്രാർത്ഥനയിലൂടെ ദൈവം എന്ത് നമ്മിൽ ആഗ്രഹിക്കുന്നു എന്നത് സുപ്രധാനമാണ്. ദൈവഹിതപ്രകാരം പ്രാർത്ഥിക്കുക എന്നത് നമ്മുടെ ശ്വാസത്തോളം തുല്യമായ ഒരു കാര്യമായി മാറുമ്പോഴാണ് പ്രാർത്ഥന ലക്ഷ്യത്തിലേക്കു എത്തിച്ചേരുന്നത്. അത്തരത്തിലുള്ള പ്രാർത്ഥനകളാണ് നമ്മുടെ മേലുള്ള ദൈവീക വിളിയെയും തിരഞ്ഞെടുപ്പിനെയും നമ്മുടെ ആത്മീയ ജീവിതത്തെയും കരുത്തുറ്റതാക്കുന്നതും, ക്രിസ്തുകേന്ദ്രീകൃതമായി നാം വളരുവാൻ സഹായകമായിത്തീരുന്നതും. ഇത്തരത്തിൽ ചിന്തിക്കുമ്പോൾ, 'പ്രാർത്ഥനയുടെ സ്വഭാവം' നമ്മിലെ ആത്മീയ വളർച്ചക്ക് അത്യന്താപേക്ഷിതമാണെന്ന് നമുക്കു മനസ്സിലാക്കുവാൻ കഴിയും.

പ്രാർത്ഥനയെക്കുറിച്ചുള്ള ലേഖനമെഴുത്തല്ല, പ്രത്യുത പ്രാർത്ഥന തന്നെയാണ് നമുക്കാവശ്യമെന്നു ലേഖകൻ അറിയുന്നു. എന്നിരുന്നാലും പ്രാർത്ഥനയുടെ സ്വഭാവം എന്നത് നമ്മുടെ സ്വഭാവം തന്നെയായിരിക്കും. നാം ക്രിസ്തുവിൽ വളരുന്തോറും ക്രിസ്തുകേന്ദ്രീകൃതമായി ചിന്തിക്കുകയും ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഉദാഹരണമായി, ചുറ്റും പാർക്കുന്നവരെ (കേൾവിക്കാരായിരിക്കുന്ന) പുളകംകൊള്ളിക്കുമാറോ അവഗണിക്കുമാറോ തനിക്കുള്ള വചനത്തിലെ അവഗാഹം ഗ്രഹിപ്പിക്കുവാനോ ദൈവം ആഗ്രഹിക്കുന്നില്ല. അതിനർത്ഥം, പരിശുദ്ധാത്മപ്രേരിതരായും പ്രചോദിതരായും നാം നമ്മുടെ അകത്തും പുറത്തും എല്ലായ്പ്പോഴും പ്രാർത്ഥിക്കുന്നവരായി തീരുക എന്നുള്ളത് തന്നെ. സ്വയത്തിനു ഊന്നൽ കൊടുക്കാതെ എല്ലായ്പ്പോഴും നിഗളം നിറഞ്ഞ നമ്മുടെ ഹൃദയത്തെ താഴ്ത്തിയും കർത്താവിൽ സമർപ്പിച്ചും

DIVINE HOPE MISSIONARIES
BRISTOL

ആത്മാവിന്റെ ശക്തിയിലും ക്രിസ്തുവിന്റെ സ്വരത്തിലും നാം പ്രാർത്ഥിക്കുക. ക്രിസ്തുവിന്റെ സ്വരം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്, നാം നമ്മുടെ സ്വരത്തെ ഉയർത്തരുത് എന്നതുതന്നെ.

യേശുവാണ് നമ്മുടെ സ്ഥാനത്തു പിതാവിനോട് പ്രാർത്ഥിക്കുന്നതെങ്കിൽ എപ്രകാരം പ്രാർത്ഥിക്കുമായിരുന്നു എന്നതാണ് ഇതിനർത്ഥം. ഇതുതന്നെയാണ് പ്രാർത്ഥനയുടെ സ്വഭാവം ക്രിസ്തുവിലെ സ്വഭാവമായി മാറണം എന്നതുകൊണ്ട് അർത്ഥമാക്കുന്നതും.

ഇവിടെ, ദാവീദ് അന്വേഷിക്കുന്നതും ദൈവത്തോട് ചോദിക്കുന്നതും ദൈവത്തിന്റെ വഴികളെയാണ്. മുന്പിലേക്കു ചിന്തിക്കുവാനോ മുൻപോട്ടു പോകുവാണോ ഭാവിയെ പ്രത്യാശിക്കുവാനോ തീരുമാനങ്ങളെടുക്കുവാനോ കഴിയാത്തവണ്ണം സ്വയത്തിലെ (ദാവീദിന്റെ ഉള്ളിലെ) സകല വഴികളും തകർന്നുകഴിഞ്ഞിരിക്കുന്നു. നമ്മുടെ മുൻപിലും (ജീവിതത്തിന്റെ)വഴി തീർന്നുപോയ അനുഭവം ഉണ്ടായേക്കാം. അപ്പോഴെല്ലാം (അഥവാ എല്ലായ്പ്പോഴും) ദൈവത്തിന്റെ വഴികൾക്കായി ദൈവത്തോട് യാചിക്കുകയും അന്വേഷിക്കുകയും മാത്രം ചെയ്യുവാനാണ് തിരുവചനം നമ്മോടു ആവശ്യപ്പെടുന്നത്. എന്നാൽ പലരുടെയും അല്ലെങ്കിൽ ചിലരുടെയെങ്കിലും ജീവിതത്തിൽ, അവരുടെ വഴികൾ അടഞ്ഞുപോവുമ്പോൾ മരണ ചിന്തയും ജീവിതത്തിൽനിന്നുതന്നെയുള്ള ഒളിച്ചോട്ടവും അവർ ആഗ്രഹിച്ചുപോവാറുണ്ട്. മറ്റുചിലരാകട്ടെ, തന്റെ മുൻപിലെ വഴി അടഞ്ഞിരിക്കുന്നതുപോലും തിരിച്ചറിയുവാൻ കഴിയാത്തവണ്ണം അബോധാവസ്ഥകളിൽ ജീവിതത്തെ കെട്ടിയിട്ടവരാണ്. ഈ കൂട്ടർക്കും നമുക്കും അങ്ങനെ സകലർക്കും എല്ലായ്പ്പോഴും ദൈവത്തിന്റെ വഴികൾ അന്വേഷിക്കുവാനുള്ള സുബോധം ലഭിച്ചേ തീരൂ. എങ്ങനെയാണ് ആ സുബോധത്തിലേക്കു നാം എത്തിപ്പെടുന്നത് ?

മുടിയനായ പുത്രന്റെ ഉപമയിൽ, തനിക്കു സുബോധം വന്ന സന്ദർഭത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നത് നോക്കുക. പ്രതിസന്ധിയുടെ കൊടുമുടിമുകളിലാണ് തനിക്കു സുബോധം ലഭിക്കുന്നത്. അവിടെ, പിതാവിന്റെ സ്നേഹം ഒരു മന്ദമാരുതനായി ആ മകന്റെ ചിന്തകളിലേക്കു വന്നു. സുബോധം വന്നവൻ ചാടിയെഴുന്നേറ്റു സ്വന്തവീട്ടിലേക്കു മടങ്ങുന്നു.

നോക്കൂ, പിതാവാം ദൈവം തന്റെ ഏകജാതനായ പുത്രനിലൂടെ പ്രദർശിപ്പിച്ച കാൽവരിക്രൂശിലെ യാഗത്താൽ നാം സുബോധത്തിലേക്കു തിരിയേണ്ടിയിരുന്നു. അങ്ങനെ ഒരു മടങ്ങിവരവ് ലോകത്തിലെ സകലർക്കും സാധ്യവുമാണ്. ഒരുനാളും അടയാത്ത, പിതാവാം ദൈവത്തിന്റെ സ്നേഹമാം വാതിൽ പാപികൾക്കായി, അവരുടെ പാപമോചനത്തിനായും നിത്യരക്ഷക്കായും തുറന്നിരിക്കുന്നു!

സുബോധത്തിനായി ദൈവം തന്റെ വചനത്തിലൂടെ അറിയിക്കുന്ന മറ്റൊരു സത്യം, ദൈവാത്മാവിനെ സ്വീകരിക്കുക എന്നതാണ്.

2 തിമൊഥെയൊസ് 1

7.ഭീരുത്വത്തിന്റെ ആത്മാവിനെ അല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയത്രേ ദൈവം നമുക്കു തന്നതു.

ക്രിസ്തുവിൽ ജനിച്ചവരായ നാം ഓരോരുത്തരും, അനുദിനം പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ജീവന്റെ പുതുക്കത്തിൽ എല്ലായ്പ്പോഴും നടക്കേണ്ടതാകുന്നു. ദൈവാത്മാവ് നമ്മിൽ നൽകുന്ന സുബോധം നമ്മെ മറ്റൊരു മനുഷ്യനാക്കിത്തീർക്കുകയല്ല ചെയ്യുന്നത് പ്രത്യുത, ക്രിസ്തുവിലെ മനുഷ്യാക്കി നമ്മെ രൂപാന്തരപ്പെടുത്തുകയാണ് ചെയ്യുന്നത്. ക്രിസ്തുവിലെ പുതിയ സൃഷ്ടിയായ നാം ഓരോരുത്തരും അനുനിമിഷം വിശുദ്ധീകരിക്കപ്പെടുവാൻ ദൈവം ആഗ്രഹിക്കുകയും അതിനായിനമ്മെ സഹായിക്കുകയും ചെയ്യുന്നു.

നമ്മുടെ വഴികൾ കഴിഞ്ഞകാലങ്ങളിൽ വളരെ മികച്ചതായിരുന്നുവെന്നു നമുക്കു തോന്നിയേക്കാം. എന്നാൽ, നാം മനസ്സിലാക്കേണ്ടുന്ന ഒരു സത്യമെന്തെന്നാൽ, ഇന്നല്ലെങ്കിൽ നാളെകളിൽ നമ്മുടേതായ (സ്വയത്തിന്റെ) സകല വഴികളും അടയപ്പെടും. നാം ദൈവത്തിന്റെ വഴി മാത്രമായി അന്വേഷിക്കുന്ന ഒരു കാലം വരും. ദൈവത്തിന്റെ വഴികൾക്കുപകരമായി മറ്റൊന്നും വയ്ക്കുവാൻ കഴിയാത്ത സാഹചര്യം നമ്മിൽ കടന്നുവരും. ഒരുപക്ഷെ നാം നമ്മുടെ ബുദ്ധിയെയും കഴിവിനെയും പാടവങ്ങളെയും കഴിഞ്ഞകാലത്തിൽ മേൽത്തരമായി പ്രയോജനപ്പെടുത്തിയിട്ടുണ്ടാവാം. എന്നാൽ, അത് ഉപയോഗശൂന്യമാവുന്ന സമയവും നാഴികകളും നമ്മുടെ ജീവിതത്തിലുണ്ടെന്നു ഓർത്തുകൊള്ളുക.

DIVINE HOPE MISSIONARIES
BRISTOL

അങ്ങനെയൊന്നു ദൈവം അനുവദിക്കുന്നത്, അതുവരെ നാം കാണാത്തതും ഗ്രഹിക്കാത്തതും നമുക്കു പരിചിതമല്ലാത്തതുമായ ദൈവത്തിന്റെ വഴികളിലേക്ക് നമ്മെ ദൈവത്തിനു നടത്തുവാനാണ് എന്നുള്ളതും നാം ഗ്രഹിച്ചുകൊള്ളുക. ഇവിടെ ദാവീദ് അത് ഗ്രഹിക്കുന്നു. പിന്നിട്ട പാതകൾ നല്ല നിമിഷങ്ങൾ തന്റെ പാടവം അങ്ങനെ എല്ലാം അവസാനിച്ചിരിക്കുന്നു. ഇനി ദൈവത്തിന്റെ കൈകളും വഴികളുമാണ് തന്റെ മുൻപിൽ തുറക്കപ്പെടേണ്ടുന്നത്. ഈയൊരു ബോധ്യത്തിൽനിന്നുകൊണ്ടു ദാവീദ് പ്രാർത്ഥിക്കുകയാണ് - 'യഹോവേ, നിന്റെ വഴികളെ എന്നെ അറിയിക്കേണമേ; നിന്റെ പാതകളെ എനിക്കു ഉപദേശിച്ചു തരേണമേ!'

ദൈവത്തിന്റെ വഴികളെ അറിയുംതോറും നാം അവയെ പ്രിയപ്പെട്ടുതുടങ്ങും. അവയിൽ നടന്നുതുടങ്ങുന്തോറും അതിൽത്തന്നെ നിലനിൽക്കുവാൻ നാം ആശിക്കുകയും അതിനായി പ്രാർത്ഥിക്കുകയും ചെയ്യും. അതിലേക്കു അനേകരെ ക്ഷണിക്കുവാൻ നാം ദൈവസ്നേഹത്താൽ നിർബന്ധിതരായിത്തീരും. ഇതത്രെ യഥാർത്ഥ സുവിശേഷഘോഷണം.

1 കൊരിന്ത്യർ 9

16.ഞാൻ സുവിശേഷം അറിയിക്കുന്നു എങ്കിൽ എനിക്കു പ്രശംസിപ്പാൻ ഒന്നുമില്ല. നിർബ്ബന്ധം എന്റെ മേൽ കിടക്കുന്നു. ഞാൻ സുവിശേഷം അറിയിക്കുന്നില്ല എങ്കിൽ എനിക്കു അയ്യോ കഷ്ടം!
17. ഞാൻ അതു മനഃപൂർവ്വം നടത്തുന്നു എങ്കിൽ എനിക്കു പ്രതിഫലം ഉണ്ടു; മനഃപൂർവ്വമല്ലെങ്കിലും കാര്യം എങ്കൽ ഭരമേല്പിച്ചിരിക്കുന്നു.

മാനുഷികമായ എരിവിൽ നാം ചെയ്യേണ്ടുന്ന ഒരു ശുശ്രൂഷയല്ല സുവിശേഷീകരണം. ആ ശുശ്രൂഷ ചെയ്യുവാൻ നമ്മുടെ ഹൃദയം ദൈവസ്നേഹത്താൽ നിറഞ്ഞേ മതിയാവൂ. ദൈവത്തിന്റെ വഴിയിൽനിന്നും തെറ്റിപ്പോവുന്നവരെ കാണുമ്പോഴൊക്കെയും ശാപം പറയാതെയും ദൂഷണം ഉച്ചരിക്കാതെയും അവരുടെ ആത്മാവിലേക്ക് നോക്കികൊണ്ട് ദൈവസ്നേഹത്തിൽ പ്രാർത്ഥിക്കുമ്പോൾ സുവിശേഷഘോഷണത്തിനായുള്ള ഹൃദയവും നാവും ദൈവം നമ്മിൽ ദാനമായി നൽകും. അവിടെ,സംസാരവും വാക്കും

നമ്മുടേതായിരിക്കുകയില്ല പ്രത്യുത, ദൈവത്തിന്റെ ശബ്ദം നമ്മുടെ നാവില്നിന്നും ദൈവശക്തിയാൽ പുറപ്പെടും. ഭാഷയുടെയും സംസ്കാരത്തിന്റെയും അതിർവരമ്പുകൾ അവിടെ ദൈവശക്തിയാൽ ഭേദിക്കപ്പെടുന്നതു നാം കാണുവാൻ ഇടയാകും. ദൈവത്തിനു മഹത്വം!

ലൂക്കോസ് 10
18. അവൻ അവരോടു: “സാത്താൻ മിന്നൽപോലെ ആകാശത്തു നിന്നു വീഴുന്നതു ഞാൻ കണ്ടു.
19. പാമ്പുകളെയും തേളുകളെയും ശത്രുവിന്റെ സകല ബലത്തെയും ചവിട്ടുവാൻ ഞാൻ നിങ്ങൾക്കു അധികാരം തരുന്നു; ഒന്നും നിങ്ങൾക്കു ഒരിക്കലും ദോഷം വരുത്തുകയും ഇല്ല.
20. എങ്കിലും ഭൂതങ്ങൾ നിങ്ങൾക്കു കീഴടങ്ങുന്നതിലല്ല. നിങ്ങളുടെ പേർ സ്വർഗ്ഗത്തിൽ എഴുതിയിരിക്കുന്നതിലത്രേ സന്തോഷിപ്പിൻ.
21. ആ നാഴികയിൽ അവൻ പരിശുദ്ധാത്മാവിൽ ആനന്ദിച്ചു പറഞ്ഞതു: “പിതാവേ, സ്വർഗ്ഗത്തിന്നും ഭൂമിക്കും കർത്താവായുള്ളോവേ, നീ ഇവ ജ്ഞാനികൾക്കും വിവേകികൾക്കും മറെച്ചു ശിശുക്കൾക്കു വെളിപ്പെടുത്തിയതുകൊണ്ടു ഞാൻ നിന്നെ വാഴ്ത്തുന്നു. അതേ, പിതാവേ, ഇങ്ങനെ നിനക്കു പ്രസാദം തോന്നിയല്ലോ.

സുവിശേഷീകരണത്തിലൂടെ സ്വർഗ്ഗത്തിലെ ദൈവം സന്തോഷിക്കുമ്പോൾ നാമും ദൈവാത്മാവോടുചേർന്നു സന്തോഷിക്കും. അടഞ്ഞുപോയ ജീവിതങ്ങളെ ദൈവത്തിങ്കലേക്കു തുറക്കുന്ന ശുശ്രൂഷയാണ് സുവിശേഷീകരണം. അധികാരത്തിന്റെ ദൈവം അടഞ്ഞ ഹൃദയങ്ങളെ തുറക്കുവാനുള്ള താക്കോലുകളായി നമ്മെ തിരഞ്ഞെടുത്തിരിക്കുകയാൽ സ്തോത്രം.

മത്തായി 28
18. യേശു അടുത്തുചെന്നു: “സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു.
19. ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും

20. ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ടു സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ; ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ടു" എന്നു അരുളിച്ചെയ്തു.

എത്ര നല്ല ഉപദേശം ഒരുവനിൽ ഉണ്ടെങ്കിലും മനുഷ്യന്റെ ഉപദേശം ആരും ആഗ്രഹിക്കുകയില്ല. അത് ഉൾക്കൊള്ളുവാൻ ഒരു വ്യക്തിയുടെയും 'വ്യക്തിപ്രഭാവം' അനുവദിക്കുകയില്ല. എന്നാൽ ഇവിടെ ദാവീദ് ദൈവത്തോട് ഉപദേശം ചോദിക്കുകയാണ്.

'ഏറ്റവും നല്ലത് (യോജിച്ചതും ഉയർന്നതുമായതു) തിരഞ്ഞെടുക്കുക' എന്നതാണ് പലപ്പോഴും ദൈവത്തിന്റെ ഉപദേശം (പൊതുവെ ദൈവീക ദൂത്/പ്രവാചക - ദൈവ ശബ്ദം എന്ന് വിവക്ഷിച്ചുവരുന്നത്) എന്നത് കൊണ്ട് പലരും ഉദ്ദേശിക്കുന്നത്. എന്നാൽ ദൈവവചന വ്യവസ്ഥയിലും ദൈവയിഷ്ടത്തിലും അടിസ്ഥാനപ്പെടുത്തി ചിന്തിക്കുമ്പോൾ ദൈവം ഒരുക്കിവച്ചതിനായി പ്രാർത്ഥിക്കുകയും കാത്തിരിക്കുകയും പ്രാപിക്കുകയുംചെയ്യുക എന്നതാണ് ദൈവായിഷ്ടം അഥവാ ദൈവീക ഉപദേശം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

മനുഷ്യന്റെ ഉപദേശവും ചിന്തകളും തെറ്റായ വഴികളിലൂടെ സഞ്ചരിച്ചേക്കാം. എന്നാൽ, ദൈവീക ഉദ്ദേശത്തെ നിറവേറ്റുന്നതിനായി ദൈവം നൽകിത്തരുന്ന നിയോഗങ്ങൾ, ദൗത്യങ്ങൾ, ദൈവീകാലോചനകൾ, ദൈവശബ്ദമാകുന്ന ദൂതുകൾ, പ്രവചനങ്ങൾ, സത്യവചനത്തിൽ അടിസ്ഥാനമാക്കപ്പെട്ടതും സ്നേഹത്താൽ അലങ്കരിച്ചതുമായ ഉപദേശങ്ങൾ, ആശീർവാദങ്ങൾ, ഗുണീകരണത്തിനായുള്ള ചെറിയ ശകാരങ്ങൾ തുടങ്ങി ദൈവമഹത്വത്തിൽ പതിക്കുന്ന സകല വാക്കും പ്രവൃത്തിയും ചിന്തകളും ആശകളും ആശയങ്ങളും പ്രയത്നങ്ങളും നമ്മുടെ ജീവനുള്ള ദൈവത്തിന്റെ ഉപദേശങ്ങളാണ് / ആലോചനകളാണ്. ഇവ തിരിച്ചറിയുവാനും വിവേചിച്ചുകൊണ്ട് പ്രാപിക്കുവാനും അവയിൽ ദൈവാശ്രയം വച്ചുകൊണ്ടു ക്രിസ്തുവിശ്വാസത്തിൽ ദൈവഹിതപ്രകാരം ജീവിക്കുവാനും നാം മടിക്കേണ്ടതില്ല.

കാരണം, സകലതും നന്നായി എല്ലായ്പ്പോഴും ചെയ്യുവാൻ ദൈവത്തിനു മാത്രമേ കഴിയുകയുള്ളൂ. ആ ദൈവത്തിലെ നമ്മുടെ ആശ്രയം എല്ലായ്പ്പോഴും ദൈവീക ഉപദേശം പ്രാപിക്കുവാന്തക്കവണ്ണം നമ്മിലെ അകത്തേയും പുറത്തേയും മനുഷ്യനെ ഒരുക്കും.

പഠനത്തിന് ഒരു കാലം അല്ലെങ്കിൽ ഒരു പ്രത്യേക കാലയളവ് നാം നിയമിക്കാറുണ്ട്. ഒരുപക്ഷെ അത് ചില വർഷങ്ങളാവാം (നിശ്ചിത സമയങ്ങളാവാം) അല്ലായെങ്കിൽ, പഠിതാവിന്റെ പ്രായപരിധികളാവാം. എന്നാൽ ഇവിടെ ദാവീദ് ഒരു പഠനത്തിനായി ദൈവത്തിങ്കലേക്കു തന്നെത്തന്നെ സമർപ്പിക്കുന്നു.

ഭൂതലത്തിലുള്ള അഥവാ ഇപ്പോൾ മാനവികമായി കണ്ടുവരുന്ന സത്യങ്ങളെക്കുറിച്ചു മനുഷ്യർക്ക് ചെറുതല്ലാത്ത ബോധ്യങ്ങൾ ഉണ്ട്. ശരിയും തെറ്റും നന്മയും തിന്മയും വിവേചിക്കുവാനുള്ള (തിരിച്ചറിയുവാനുള്ള) അല്പമായ ജ്ഞാനവും ഇന്ന് മനുഷ്യനുണ്ട് എന്ന് വേണം കരുതുവാൻ. എന്നാൽ, ദാവീദ് ദൈവത്തോട് ചോദിക്കുന്നതും പ്രാർത്ഥിച്ചുപ്രാപിക്കുവാൻ ആഗ്രഹിക്കുന്നതും ഈ നശിച്ചുപോവുന്ന ലോകത്തിലെ സത്യങ്ങളെക്കുറിച്ചുള്ള പ്രത്യുത, ദൈവത്തിൽ മാത്രം വസിക്കുന്ന, നിലനിൽക്കുന്ന നിത്യമായ നിത്യജീവനെക്കുറിച്ചാണ്. മറ്റെല്ലാ നല്ല നാളുകളും കടന്നുപോവുമെന്നു ദാവീദ് അറിഞ്ഞിരുന്നു. താൻ സ്നേഹിച്ച പ്രഭാതവും പ്രദോഷവുമെല്ലാം പഴകി കടന്നുപോവുമ്പോൾ, രാപകൽ ദാവീദ് ദൈവത്തിലേക്ക് പ്രത്യാശവെച്ചു നോക്കിക്കൊണ്ടിരിക്കുന്നു. ഭൂമിയിലെ മറ്റെല്ലാ പ്രത്യാശകളും അറ്റുപോയെക്കാം എന്നാൽ ദൈവത്തിങ്കലേക്കു നോക്കി പ്രത്യാശ വയ്ക്കുവാൻ ഇപ്പോൾ ദാവീദ് പഠിച്ചുകൊണ്ടിരിക്കുന്നു.

ഇതുകേവലമൊരു ദാവീദിന്റെ കാര്യമല്ല, ദൈവത്തിങ്കലേക്കു നോക്കി നിത്യജീവനായി പ്രത്യാശിക്കുവാൻ നാമും ഇതു പഠിക്കേണ്ടിയിരിക്കുന്നു.

1 കൊരിന്ത്യർ 15
19 നാം ഈ ആയുസ്സിൽ മാത്രം ക്രിസ്തുവിൽ പ്രത്യാശ വെച്ചിരിക്കുന്നു എങ്കിൽ സകല മനുഷ്യരിലും അരിഷ്ടന്മാരത്രേ.

ഒരു പ്രശ്നമോ പ്രതിസന്ധിയോ വരുമ്പോൾ മാത്രം ദൈവത്തിങ്കലേക്കു നോക്കുവാൻ നാം പരിചയിച്ചുകഴിഞ്ഞു. എന്നാൽ നാം ശീലിക്കേണ്ടുന്ന ഒന്നുണ്ട്, പ്രശ്നങ്ങൾക്കും പ്രതികൂലങ്ങൾക്കും മുൻപോ പിന്പോ എന്ന് നോക്കാതെ നമ്മുടെ രക്ഷകനായ ദൈവത്തിങ്കലേക്കു നോക്കുവാൻ. ഇത് ഒരു ശീലമായി നമ്മുടെ ആത്മാവിലും ദേഹിയിലും ദൈവാത്മാവ് നൽകിത്തരുവാനായി നാം പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു.

ലൂക്കോസ് 20
38. ദൈവമോ മരിച്ചവരുടെ ദൈവമല്ല, ജീവനുള്ളവരുടെ ദൈവമത്രേ;
എല്ലാവരും അവന്നു ജീവിച്ചിരിക്കുന്നുവല്ലോ.

ജീവനുള്ള നാളോളം ദൈവത്തിനു മഹത്വം വരുമാറു ചിന്തിച്ചും പ്രാർത്ഥിച്ചും പ്രയത്നിച്ചും കർത്താവിൽ സന്തോഷത്തോടെ മുൻപോട്ടുപോകുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. എവിടെയെങ്കിലും/എന്തിലെങ്കിലും കെട്ടപ്പെട്ടുപോകുവാൻ (അഥവാ ആത്മീയ യാത്രയിൽ തടസ്സം നേരിട്ട് യാത്ര തുടരുവാനാവാതെ പോവുന്ന അനുഭവം) ദൈവം ആഗ്രഹിക്കുന്നില്ല.

ഈ ആയുസ്സു മുഴുവനും ദൈവത്തിൽ ആശ്രയം വച്ചും ക്രിസ്തുവിൽ ചാരിയും എല്ലായ്പ്പോഴും കർത്താവിനു പാടിയും സ്തോത്രം ചെയ്തും കപടതകൾ കൂടാതെ ദൈവത്തിൽ പ്രത്യാശിക്കുവാൻ നാം ഉണർന്നെണീറ്റേ മതിയാവൂ. നാം സന്തോഷത്തോടെ പാടിയ സകല ആത്മീയ ഗീതങ്ങളും മറ്റുള്ളവരിലും സന്തോഷമായിത്തീരുവാൻ നാം പ്രാർത്ഥിക്കേണ്ടതാകുന്നു. നാം വായിച്ചു ശക്തിപ്പെട്ട സകല വചനങ്ങളും ലോകജനതയ്ക്കു രക്ഷാകരണമായിത്തീരുമെന്നു വിശ്വാസക്കണ്ണോടെ കാണുകയും അതിനായി നിരന്തരം മടുപ്പുകൂടാതെ പ്രാർത്ഥിക്കുകയും ചെയ്തേ തീരൂ.

ദൈവത്തിൽ നാം വയ്ക്കുന്ന ആശ്രയം വർദ്ധിക്കുന്തോറും നമ്മുടെ ആത്മമനുഷ്യന്റെ എല്ലാ ദുർമേദസ്സുകളും അലിഞ്ഞില്ലാതാവും. ശക്തിയുള്ള പുഷ്ടിയുള്ള ആത്മമനുഷ്യൻ ധൈര്യത്തോടെ നമ്മുടെ കർത്താവിനായി പ്രയോജനം ചെയ്യട്ടെ.

ശിഷ്യനായ പത്രോസ് തന്റെ കുറവുകളെ ക്രിസ്തുവിൽ തോല്പിച്ചുകൊണ്ടു ദൈവയിഷ്ടത്തിൽ ദൈവീക സന്തോഷത്തിൽ ജീവിച്ചു.

DIVINE HOPE MISSIONARIES
BRISTOL

അപ്പോസ്തോലനായ പൗലോസ് തന്റെ കഴിവുകളെ ക്രിസ്തുവിൽ തോല്പിച്ചുകൊണ്ട് ദൈവത്തിനായി അന്ത്യംവരെ ജയാളിയായി ജീവിച്ചു.

ദൈവത്തെ സ്നേഹിക്കുവാനുള്ള ഏക കാരണം ദൈവം മാത്രമായിരിക്കട്ടെ.

സാഹചര്യം അനുകൂലമെങ്കിലും പ്രതികൂലമെങ്കിലും ദൈവമാണ് നമ്മെ നടത്തുകയും ജീവിപ്പിക്കുകയും ചെയ്യുന്നതെന്ന പ്രത്യാശയുടെ ഉറപ്പുള്ള നങ്കൂരം നമ്മിൽ ഉണ്ടെങ്കിൽ ഭയപ്പെടേണ്ട നാം ശാന്തതുറമുഖത്തേക്കു എത്തുകതന്നെ ചെയ്യും.

നമുക്കു പ്രാർത്ഥിക്കാം,

ഞങ്ങളുടെ നല്ല കർത്താവേ, അങ്ങയുടെ സ്നേഹത്തിനായി സ്തോത്രം. ഞങ്ങളെ ഏവരെയും അങ്ങയുടെ സ്വന്തമാക്കി, അങ്ങയുടെ മക്കളാക്കിതീർത്തതിനാൽ സ്തോത്രം. നല്ല ദൈവമേ, ദിനംതോറും നിന്നിൽ മാത്രം ചാരികൊണ്ടു അങ്ങയിൽനിന്നും പഠിക്കുവാനും നിന്നെ കേൾക്കുവാനും അനുസരിക്കുവാനും നിന്നിൽമാത്രം വിശ്വസിക്കുവാനും ഞങ്ങളെ സഹായിക്കേണമേ. ജ്ഞാഗളുടെ മുൻപിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടുകൂടെ ഓടുവാൻ ഞങ്ങളെ സഹായിക്കുമാറാകേണമേ. അതിനായി തിരുക്കരങ്ങളിലേക്കു ഞങ്ങളെ സമർപ്പിക്കുന്നു. യേശുക്രിസ്തുവിൻ നാമത്തിൽ ചോദിക്കുന്നു. പ്രാർത്ഥന കേൾക്കുമാറാകേണമേ.
ആമേൻ.

ഈ ചിന്തകളാൽ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.
God bless you all.

Pr. ജിബി തോമസ്

ജീവിതങ്ങളിലൂടെ വാക്കുകളിലൂടെ

സുവിശേഷകന്റെ ശരീരവും നാവും ജയിലറയിൽ അടയ്ക്കപ്പെട്ടാലും ഒടുവിൽ മണ്ണിൽത്തന്നെ അലിഞ്ഞില്ലാതായാലും തന്നിലൂടെ സംസാരിക്കപ്പെട്ട ദൈവവചനം ജനത്തിനുള്ളിൽ വിശ്വാസമായി പരിണമിക്കപ്പെടും.

പ്രവൃത്തികൾ 4

1. അവർ ജനത്തോടു സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ തന്നേ പുരോഹിതന്മാരും ദൈവാലയത്തിലെ പടനായകനും സദൂക്യരും
2. അവരുടെ നേരെ വന്നു, അവർ ജനത്തെ ഉപദേശിക്കയാലും മരിച്ചവരിൽനിന്നുള്ള പുനരുത്ഥാനത്തെ യേശുവിന്റെ ദൃഷ്ടാന്തത്താൽ അറിയിക്കയാലും നീരസപ്പെട്ടു.
3. അവരെ പിടിച്ചു വൈകുന്നേരം ആകകൊണ്ടു പിറ്റെന്നാൾവരെ കാവലിലാക്കി.
4. എന്നാൽ വചനം കേട്ടവരിൽ പലരും വിശ്വസിച്ചു; പുരുഷന്മാരുടെ എണ്ണംതന്നേ അയ്യായിരത്തോളം ആയി.

2 തിമൊഥെയൊസ് 2

8. ദാവീദിന്റെ സന്തതിയായി ജനിച്ചു മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റിരിക്കുന്ന യേശുക്രിസ്തുവിനെ ഓർത്തുകൊൾക. അതു ആകുന്നു എന്റെ സുവിശേഷം.
9. അതു അറിയിക്കുന്നതിൽ ഞാൻ ദുഷ്പ്രവൃത്തിക്കാരൻ എന്നപോലെ ചങ്ങലധരിച്ചു കഷ്ടം സഹിക്കുന്നു; ദൈവവചനത്തിന്നോ ബന്ധനം ഇല്ല.

- DIVINE HOPE MISSIONARIES (BRISTOL, UK)

DIVINE HOPE MISSIONARIES
BRISTOL

Listen to our Malayalam Audio Bible

://www.youtube.com/@jibymonkombil

മലയാളം ഓഡിയോ ബൈബിളിനായി മുകളിലുള്ള ലിങ്ക് തുറക്കുക, അല്ലെങ്കിൽ QR code സ്കാൻ ചെയ്യുക

Any Feedback / Queries :

Jiby Thomas +447823850578
jibymonkombil@gmail.com

DIVINE HOPE MISSIONARIES
BRISTOL